**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6475** **10-11-2021 - ൽ മറുപടിയ്ക്ക്**

**മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളിൻമേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | മരവട്ടം - കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമാണത്തിനായി മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജിൽ നിന്നും 116.19 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് 08.01.2021 ലെ സ.ഉ(സാധാ) 85/2021/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് കെട്ടിവെയ്ക്കേണ്ട കണ്ടിജൻസി ചാർജിനത്തിലുള്ള തുകയായ 3,12,990/- (മൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ് രൂപ മാത്രം) രൂപ അർത്ഥനാധികാരി കെട്ടിവെച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് അംഗീകൃത ജില്ലാതല SIA ഏജൻസികളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു. 5 ക്വട്ടേഷനുകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ഉചിതമായ SIA ഏജൻസിയെ തിരഞ്ഞെടുത്ത് SIA പഠനം നടത്തുന്നതിനുള്ള 4(1) വിജ്ഞാപനം പ്രസിദ്ധികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ; ആയത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | ഉണ്ട്. LARR Act, 2013 പ്രകാരമുള്ള 4(1) വിജ്ഞാപനം (SIA പഠനം), വിദഗ്ധ സമിതിയുടെ വിലയിരുത്തൽ, 11(1) പ്രാരംഭ വിജ്ഞാപനം, റീഹാബിലിറ്റേഷൻ പാക്കേജ്, 19(1) പ്രഖ്യാപനം, അവാർഡ് പുറപ്പെടുവിക്കൽ എന്നീ നിയമാനുസൃത നടപടികൾ പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധിക്കാരിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ